प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 91 22 2266 0502 फैक्स/Fax: 91 22 22660358

മാർച്ച് 31, 2018

**1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 35A (AACS) - അനുസരിച്ച് മഹാരാഷ്ട്രയിൽ മുംബൈയിലെ സി.കെ.പി. സഹകരണ ബാങ്ക് ലിമിറ്റഡിനുമേൽ പുറപ്പെടുവിച്ച നിയന്ത്രണ നിർദ്ദേശങ്ങൾ.**

2014 ഏപ്രിൽ 30-ലെ ഉത്തരവനുസരിച്ച് മഹാരാഷ്ടയിൽ മുംബൈയിലെ സി.കെ.പി. സഹകരണ ബാങ്ക് ലിമിറ്റഡിനെ, 2014 മേയ് 2 ബിസിനസ്സ് സമയം അവസാനിച്ചതുമുതൽ നിയന്ത്രണ നിർദ്ദേശങ്ങൾക്ക് വിധേയമാക്കിയിരുന്നു. തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം, മേല്പ്പറഞ്ഞ നിർദ്ദേശങ്ങളുടെ സാധുത, കാലാകാലം ദീർഘിപ്പിച്ചിരുന്നു; ഏറ്റവും ഒടുവിൽ 2017 നവംബർ 23 ലെ ഉത്തരവനുസരിച്ച് 2018 മാർച്ച് 31 വരെ ബാധകമാക്കിയിരുന്നു.

1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 35A സബ്സെക്ഷൻ (1), ഒപ്പം, സെക്ഷൻ 56 എന്നിവ നൽകുന്ന അധികാരം പ്രയോഗിച്ച് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, മേൽകാണിച്ച ബാങ്കിനെതിരെ 2014 ഏപ്രിൽ 30 ന് പുറപ്പെടുവിക്കുകയും കാലാകാലം ഭേദഗതി വരുത്തുകയും ചെയ്തതും സാധുത 2018 മാർച്ച് 31 വരെ ദീർഘിപ്പിച്ചതുമായ നിയന്ത്രണ നിർദ്ദേശങ്ങളുടെ സാധുത തുടർന്നും 2018 ഏപ്രിൽ 1 മുതൽ 2018 ജൂലൈ 31 വരെ, 2018 മാർച്ച് 26 നു പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം, ബാങ്കിനു ബാധകമായിരിക്കുമെന്ന് ഇതിനാൽ പൊതുജനങ്ങളുടെ അറിവിലേക്കായി വിജ്ഞാപനം ചെയ്തുകൊള്ളുന്നു.

മുകളിൽ പരാമർശിച്ച ദീർഘിപ്പിക്കൽ സംബന്ധമായ 2018 മാർച്ച് 26 ലെ ഉത്തരവിന്റെ ഒരു പകർപ്പ്, പൊതുജനങ്ങൾ വായിച്ചറിയുവാനായി ബാങ്കിന്റെ മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

മേൽകാണിച്ച ദീർഘിപ്പിക്കൽ ഭേദഗതി, ബാങ്കിന്റെ സാമ്പത്തിക കാര്യങ്ങളിൽ കാര്യമായ മെച്ചപ്പെടലുണ്ടായതായി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക് ബോധ്യമായിട്ടുണ്ട് എന്ന് കരുതേണ്ടതില്ല.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ് 2017-2018/2596**